

THURSDAY 27-10-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Suraj S** **Editor : Dr Saritha Vijayan K**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-27/10/2022.

1. കൃഷിവകുപ്പ് മന്ത്രിയും ഉദ്യോഗസ്ഥരും കർഷകരോട് സംവദിക്കുകയും, പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി പരിപഹാരം കാണുകയും ചെയ്യുന്ന പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞം എന്ന കൃഷിദർശൻ പരിപാടിക്ക് തൃശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്കിൽ തുടക്കം കുറിച്ചു. ഈ മാസം 25 മുതൽ 29 വരെ നടക്കുന്ന ഈ പരിപാടിയോനുബന്ധിച്ചുള്ള കാർഷിക പ്രദർശനത്തിന്റെ ഉദ്ഘാടനം റവന്യൂവകുപ്പ് മന്ത്രി കെ. രാജൻ നിർവഹിച്ചു. ഇന്ന് കൃഷിവകുപ്പ് മണ്ണ് സംരക്ഷണ മണ്ണ് പര്യവേക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ, കാർഷിക സർവകലാശാല ശാസ്ത്രജ്ഞർ, വിദ്യാർത്ഥികൾ എന്നിവരടങ്ങുന്ന അഞ്ചു സംഘങ്ങളായി ഓരോ പഞ്ചായത്തിലെയും കൃഷിയിടങ്ങൾ സന്ദർശിക്കും. സന്ദർശന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാളെ കൃഷി മന്ത്രിയുടെ നേതൃത്വത്തിലുള്ള ഉന്നതതല സംഘം കൃഷിയിടങ്ങൾ സന്ദർശിക്കും. സായാഹ്നങ്ങളിൽ കൃഷിമന്ത്രി പങ്കെടുക്കുന്ന ഭവന കൂട്ടായ്മയും സാംസ്കാരിക പരിപാടികളും ഉണ്ടായിരിക്കും.

2. ചേർത്തല സൗത്ത് കൃഷിഭവനിൽ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം 50 സെന്റിൽ അധികം സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന പച്ചക്കറി കർഷകർക്കുള്ള പച്ചക്കറി വിത്തുകൾ വിതരണത്തിനായി കൃഷിഭവനിൽ എത്തിയിട്ടുണ്ട് കർഷകർ, ഹോർട്ടികൾച്ചർ മിഷൻ അപേക്ഷ, 2022 - 23 വർഷത്തെ കരം അടച്ച രസീത്, പാട്ട കർഷകർ ആണെങ്കിൽ അനുബന്ധം 1 പാട്ട കരാർ എന്നീ രേഖകളുമായി സ്റ്റേറ്റ് കൃഷി ഭവനിൽ എത്തി പച്ചക്കറി വിത്തുകൾ കൈപ്പറ്റണമെന്ന് കൃഷി ഓഫീസർ അറിയിക്കുന്നു.

3. കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് 2022-23 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പോത്ത് കുട്ടി വളർത്തൽ, ആട് വളർത്തൽ, കന്നുകുട്ടി പരിപാലനം എന്നീ പദ്ധതികൾക്ക് അപേക്ഷ വെറ്ററിനറി പോളിക്ലീനിക് പരിയാരത്ത് നവംബർ മാസം 05-ന് 5 മണിക്ക് മുമ്പ് സമർപ്പിക്കണമെന്ന് വെറ്ററിനറി സർജൻ അറിയിച്ചു.

4. ചേർത്തല കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിലുള്ള കഞ്ഞിക്കുഴി, ചേർത്തല തെക്ക്, മാരാരിക്കുളം വടക്ക്, കടക്കരപ്പള്ളി, മുഹമ്മ, തണ്ണീർമുക്കം, ചേർത്തല മുൻസിപ്പാലിറ്റി എന്നീ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

കൃഷിഭവനുകളിൽ ഇന്റേൺഷിപ്പിനായി അപേക്ഷ ക്ഷണിക്കുന്നു. 2022 ഓഗസ്റ്റ് ഒന്നിന് 18 നും 41 നും പ്രായമുള്ള വിഎച്ച്എസ്ഇ (അഗ്രികൾച്ചർ), ഡിപ്ലോമ ഇൻ അഗ്രികൾച്ചർ/ജൈവകൃഷി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകരിൽ നിന്ന് യോഗ്യതയുള്ളവരെ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കും. അപേക്ഷാഫോറം പ്രവൃത്തി ദിവസങ്ങളിൽ കൃഷിഭവനുകളിൽ നിന്നും ലഭിക്കും. അപേക്ഷ, യോഗ്യത, വയസ്സ് എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രത്തിന്റെ പകർപ്പ് സഹിതം ചേർത്തല സിവിൽ സ്റ്റേഷനിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ ഈ മാസം 31-ന് (ഒക്ടോബർ 31) മുൻപ് സമർപ്പിക്കേണ്ടതാണ്.

5. കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്കിൽ മാടപ്പള്ളി കൃഷിഭവന് കീഴിൽ പ്രവർത്തിക്കുന്ന അഗ്രോ സർവീസ് സെന്റർ, കർമസേന എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കർഷകർക്കാവശ്യമായ കാർഷിക സേവനങ്ങൾ കണ്ടെത്തി സർവീസ് സെന്റർ മുഖേന കർഷകർക്ക് ചെയ്തു നൽകുന്നതിനും അഗ്രോ സർവീസ് സെന്റർ ഫെസിലിറ്റേറ്റർ ആയി പ്രവർത്തിക്കുന്നതിനും താല്പര്യമുള്ള കോട്ടയം ജില്ലയിൽ സ്ഥിരതാമസക്കാരായ ആളുകളിൽനിന്ന് അപേക്ഷ ക്ഷണിക്കുന്നു. ബിഎസ്‌സി അഗ്രികൾച്ചർ അല്ലെങ്കിൽ അഗ്രികൾച്ചർ എൻജിനീയറിങ് അല്ലെങ്കിൽ വി എച്ച് എസ് സി അഗ്രിയും അഞ്ചുവർഷത്തെ പ്രവർത്തനപരിചയം അല്ലെങ്കിൽ കൃഷി ഡിപ്ലോമയോ മെക്കാനിക്കൽ എൻജിനീയറിംഗ് ബിരുദവും മൂന്നു വർഷത്തെ പ്രവർത്തന പരിചയവും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ സഹിതം ഒക്ടോബർ 29 നകം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, നാലുകോടിയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൃഷിവകുപ്പിയിൽ നിന്ന് റിട്ടയർ ചെയ്തവർക്ക് മുൻഗണന നൽകുന്നതാണ്. അപേക്ഷാ ഫോമിനും കൂടുതൽ വിവരങ്ങൾക്കും **9383470701, 0481 – 2446133** എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണെന്ന് മാടപ്പള്ളി കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ സ്യൂഡോമോണാസ് ഫ്ളൂറസെൻസ് (പൊടി, ലായനി), ട്രൈക്കോഡർമ, ബ്യുവേറിയ, ലെക്കാനിസിലിയം, മെറ്റാറൈസിയം, പസിലോമൈസസ്, ബയോ കണ്ട്രോൾ കോമ്പി പാക്ക്- വാഴ, ബയോ കണ്ട്രോൾ കോമ്പി പാക്ക്- പച്ചക്കറി, മൈക്കോറൈസ, അസോസ്പൈറില്ലം, ഫോസ്ഫറസ് വളം, ബയോഫെർട്ടിലൈസർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കോമ്പി പാക്ക്, അസോള, വെർമി കമ്പോസ്റ്റ്, നീം സോപ്പ് എന്നീ ജൈവ കീടരോഗ നിയന്ത്രണ ഉപാധികൾ വിൽപ്പനയ്ക്ക് തയ്യാറാണ്. ആവശ്യമുള്ളവർ **9747238532, 04872699087** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

**പരിശീലന പരിപാടികൾ**

7. കോഴിക്കോട് വേങ്ങേരി കാർഷിക മൊത്ത വ്യാപാര കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന കേരള കാർഷിക സർവകലാശാല വിജ്ഞാന വിപണന കേന്ദ്രത്തിൽ വച്ച് നവംബർ 1 ന് നാളികേരാധിഷ്ഠിത ഉൽപ്പന്നങ്ങൾ എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **04952935850, 9188223584** എന്ന ഫോൺ നമ്പറിൽ വിളിച്ചു 29.10.2022 ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് ആയിരിക്കും ക്ലാസ്സിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുക. രാവിലെ 10.30 മുതൽ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ് എന്ന് കാർഷിക വിജ്ഞാന വിപണന കേന്ദ്രം അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് ഹെഡ് അറിയിച്ചു

8. റബ്ബർബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ എഞ്ചിനീയറിങ് ആന്റ് പ്രോസ്സസിങ് ഡിവിഷനിൽ സിവിൽ, ഇലക്ട്രിക്കൽ വിഭാഗങ്ങളിലേക്ക് 'എഞ്ചിനീയറിങ് ട്രെയിനി'കളെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് 'വാക്ക് ഇൻ ഇന്റർവ്യൂ' നടത്തുന്നു. അപേക്ഷകർക്ക് സിവിൽ/ഇലക്ട്രിക്കൽ വിഷയങ്ങളിൽ എഞ്ചിനീയറിങ് ബിരുദം ഉണ്ടായിരിക്കണം. 2022 ജനുവരി 01-ന് 25 വയസ്സ് പൂർത്തിയാകാത്തവർ 2022 നവംബർ 01-ന് രാവിലെ 9 മണിക്ക് കോട്ടയത്ത് പുതുപ്പള്ളിയിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി പ്രോസ്സസിങ് ആന്റ് ക്വാളിറ്റി കൺട്രോൾ ജോയിന്റ് ഡയറക്ടർ മുമ്പാകെ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുകയോ **0481 2353311** (എക്സ്റ്റൻഷൻ236) എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.